"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - വ്യവസായിക പരിശീലന വകുപ്പിലെ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി.വി.പി.ആനന്ദവല്ലി അനുമതിയില്ലാതെ കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവനത്തിൽ തുടർന്ന കാലയളവ് അന്യത്രസേവന കാലമായി ക്രമീകരിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1154/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/06/2020

---

പരാമർശം:- 1 സർക്കുലർനം. 15618/ഉപദേശ സി1/1990/ഉ.ഭ.പ.വ തീയതി 5.12.1990.

2 സർക്കുലർ നം.42/13/ഫിൻ തീയതി: 10/03/2013.

3 സ.ഉ. (സാധാ) നം.1976/2016/തസ്വഭവ തീയതി 23/06/2016.

4 സർക്കാരിന്റെ 29.08.2017 ലെ 150/ഇപിഎ1/2017/തസ്വഭവ നമ്പർ കത്ത്.

5 കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 17.11.2017ലെ പി 8-3287/99 നമ്പർ കത്ത്

<u>ഉത്തരവ്</u>

വ്യവസായിക പരിശീലന വകുപ്പിലെ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി.വി.പി.ആനന്ദവല്ലി കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അനുമതിയില്ലാതെ അന്യത്ര സേവനത്തിൽ തുടർന്ന കാലയളവ് ക്രമീകരിക്കുന്നതിനായി പരാമർ ശം (5) പ്രകാരം കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2 . പരാമർശം(3) സർ ക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വ്യവസായ പരിശീലന വകുപ്പിലെ ആസ്ഥാന കാര്യാലയത്തിലെ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ സേവനത്തിലുള്ള ശ്രീമതി.വി.പി. ആനന്ദവല്ലിയെ തദ്ദേശസ്വയംഭരണ വകുപ്പിൻ കീഴിലെ കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ ഒരു വർഷത്തേക്ക് അന്യത്രസേവനവ്യവസ്ഥയിൽ നിയമിച്ചിരുന്നു. 24.06.2017-ൽ ടിയാളുടെ അന്യത്രസേവന കാലാവധി അവസാനിക്കാനിരിക്കെ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം നീട്ടിക്കിട്ടുന്നതിനു ടിയാൾ അപേക്ഷ സമർപ്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും വിടുതൽ വാങ്ങിയിരുന്നില്ല. എന്നാൽ ടിയാളുടെ അപേക്ഷ പരാമർശം (4) പ്രകാരം നിരസിച്ചതിനെ തുടർന്ന് 03.10.2017- ന് ജില്ലാ പഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്യുകയും 04.10.2017 ന് ടിയാൾ വ്യാവസായിക പരിശീലന വകുപ്പിൽ സേവനത്തിൽ

പുനഃപ്രവേശിക്കുകയും ചെയ്തു.

3 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വ്യവസായിക പരിശീലന വകുപ്പിലെ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി.വി.പി.ആനന്ദവല്ലി 25.06.2017 മുതൽ 03.10.2017 വരെ അനുമതി ഇല്ലാതെ അന്യത്രസേവനകാലവ്യവസ്ഥയിൽ തുടർന്നത് ഭരണപരമായ കാലതാമസം മൂലമായതിനാൽ പ്രസ്തുത കാലയളവ് അന്യത്രസേവന കാലമായി ക്രമീകരിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

വ്യാവസായിക പരിശീലന ഡയറക്ടർ, ട്രെയിനിംഗ് ഡയറക്ടറേറ്റ്, ശാന്തി നഗർ, തിരുവനന്തപുരം

പ്രസിഡൻറ്/സെക്രട്ടറി, കോഴിക്കോട് ജില്ലാ പഞ്ചായത്ത്, കോഴിക്കോട്

ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.

ശ്രീമതി ആനന്ദവല്ലി വി പി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സീനിയർ ഗ്രേഡ്) ട്രെയിനിംഗ് ഡയറക്ടറേറ്റ്, ശാന്തി നഗർ, തിരുവനന്തപുരം

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.(ഇപിഎ1/331/2017/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

Danya M

സെക്ഷൻ ഓഫീസർ